കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികൾ

5 (2279) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ട്; ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യം ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ നൽകുമോ;

(സി) കൊല്ലം ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഇല്ലാത്തവ ഏതെല്ലാം;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എട്ട് (8) സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിന് കീഴിലുള്ള മുന്നീറ്റിയെൻപത് (380) സർക്കാർ ആശുപത്രികളിലും കിടത്തി ചികിത്സ ലഭ്യമാണ്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) എട്ട് മെഡിക്കൽ കോളേജുകളിലും ലബോറട്ടറി പരിശോധനാ സൗകര്യം ലഭ്യമാണ്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ലാബ് സൗകര്യമില്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*

(സി) കൊല്ലം ജില്ലയിൽ 57 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. അതിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്ത മുപ്പത്തിമൂന്ന് പി.എച്ച്.സി.കൾ നിലവിലുണ്ട്. പി.എച്ച്.സി. ഇട്ടിവ, പേരയം, ഈസ്റ്റ് കല്ലട, തലവൂർ, കിളികൊല്ലൂർ, പെരിനാട്, മൺറോതുരുത്ത്, പട്ടാഴി, വടക്കേക്കര, തൃക്കോവിൽവട്ടം, തൃക്കരുവ, ഇരവിപുരം, മാങ്കോട്, പത്തനാപുരം, പി.എച്ച്.സി. ചവറ, ഏരൂർ, കുമ്മിൾ, അച്ചൻകോവിൽ, ചിറക്കര, എഴുകോൺ, എഴുകോൺ പവിത്രേശ്വരം, മേലില, കുന്നത്തൂർ, മൈലം, നെടുവത്തൂർ, പൂയപ്പള്ളി, എസ്.എൻ. പുരം, ശൂരനാട് സൗത്ത്, തലച്ചിറ, തഴവ, തൊടിയൂർ, വെസ്റ്റ് കല്ലട. ആശുപത്രി വികസനസമിതിയും പഞ്ചായത്തുമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരിച്ച് എച്ച്.എം.എസി. ലാബുകൾ, നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ പി.എച്ച്.സി. പോരുവഴി, പി.എച്ച്.സി. ഉമ്മന്നൂർ, പി.എച്ച്.സി കെ.എസ്.പുരം എന്നിവിടങ്ങളിൽ നടന്നുവരുന്നു.

(ഡി) ജില്ലയിലെ ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സി.-കളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് 51852/എച്ച്2/2011 എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എട്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

6 (2280) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗ നിർണ്ണയ - ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ആലപ്പുഴയിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി വിപുലീകരിക്കുന്നതിനു കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) വിവിധ രോഗ നിർണയത്തിനായി അന്യ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി രോഗ നിർണ്ണയം വൈകുന്നതും ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ രണ്ടായിരാമാണ്ടിൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മതിയായ സാങ്കേതിക വിദഗ്ദ്ധരും നൂതന ഉപകരണങ്ങളും ഇല്ലാത്തതിനാൽ പ്രവർത്തനം വിപുലപ്പെടുത്താൻ സാധിച്ചിട്ടില്ല ഇപ്പോൾ അടിസ്ഥാന രോഗനിർണ്ണയവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും പരിമിതമായ രീതിയിൽ നടന്നുവരികയാണ്. ഈ സ്ഥാപനം അന്താരാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly